## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ * 81

09/08/2017-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയുടെ സമഗ്രവികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.വി ജോയി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) ക്ഷീരമേഖലയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി ക്ഷീരവികസന വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br>1) ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനം - 495 ലക്ഷം<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതി - 600 ലക്ഷം<br>3) ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം – 466 ലക്ഷം<br>4) എം.എസ്.ഡി.പി (മിൽക്ക് ഷെഡ് വികസന പദ്ധതി) – 4179 ലക്ഷം<br>5) ക്യാറ്റിൽഫീഡ് സബ്സിഡി – 1400 ലക്ഷം<br>6) ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം – 2585 ലക്ഷം<br>7) ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം – 25 ലക്ഷം<br>8) വയനാട് ജില്ലയ്ക്കുള്ള സമഗ്രക്ഷീരവികസന പദ്ധതി - 25 ലക്ഷം<br>**ആകെ – 9775 ലക്ഷം** |

ക്ഷീരമേഖലയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി മൃഗസംരക്ഷണ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടിപരിപാലനം, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2) മൃഗാശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടിയിൽ നിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.

3) രാത്രികാല അടിയന്തിര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടിരൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു.

4) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 പ്രകാരം 20392 കറവപശുക്കളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

5) 2017-18 സംസ്ഥാന ബഡ്ജറ്റിൽ ഗോസമൃദ്ധി പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. ഗോസമൃദ്ധി പദ്ധതി നിർവ്വഹണത്തിന് അഞ്ച് കോടി രൂപ നീക്കിവച്ചിരിക്കുന്നു.

6) മൃഗസംരക്ഷണത്തിലെയും ക്ഷീരമേഖലയിലെയും യന്ത്രവല്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കറവപശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.ഈ വർഷം 184 പേർക്ക് കറവ യന്ത്രങ്ങൾ നൽകുന്നതിന് ധനസഹായം ലഭ്യമാക്കുന്നതാണ്.

7) കേരള ഫീഡ്സിൽ നിന്നും മിനറൽ മിക്സ്ചർ ലഭ്യമാക്കി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

8) അകിടുവീക്കരോഗ നിയന്ത്രണ പരിപാടി - സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകിവരുന്നു. 2017-18 വർഷം 35,000 ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ക്ഷീരമേഖലയുടെ ആധുനികവൽക്കരണത്തിനും അതുവഴി യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കത്തക്ക വിധത്തിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആവിഷ്കരിച്ചിട്ടുണ്ട്.

യുവാക്കൾക്ക് ക്ഷീരമേഖലയിലേക്ക് കടന്നു വരുന്നതിന് പുതിയ സംരംഭങ്ങൾക്ക് പ്രത്യേകിച്ച് യുവതിയുവാക്കൾക്ക് ആവശ്യമായ സാങ്കേതിക അറിവും സാമ്പത്തിക സഹായവും ക്ഷീരവികസന വകുപ്പ് നല്കുന്നു. ഈ ലക്ഷ്യത്തോടെ വകുപ്പിന് കീഴിലുള്ള ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന മികച്ച പരിശീലനം നൽകുന്നു. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡവലപ്പ്മെന്റ് പദ്ധതി (എം.എസ്.ഡി.പി), ക്ഷീരഗ്രാമം, ഡയറി സോൺ എന്നീ പദ്ധതികളിലൂടെ യുവാക്കൾക്ക് പ്രത്യക പരിഗണന നൽകി ഡയറി യൂണിറ്റ്, കിടാരി വളർത്തൽ യൂണിറ്റ്, ഹൈടെക് ഡയറി യൂണിറ്റ്(20 പശു യൂണിറ്റ്) എന്നിവ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നു.

ക്ഷീരമേഖലയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി കറവയന്ത്രം, ചാഫ് കട്ടർ, വീൽബാരോ, സ്പ്രിംഗ്ളർ, ഡ്രിംഗിംഗ് ബൗൾ സിസ്റ്റം തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകുന്നു.

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന പശു വളർത്തൽ, പാൽ വിപണനം, മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ എന്നിവയ്ക്കുള്ള പരിശീലനം നൽകിവരുന്നു. ഇതിന്റെ

ഫലമായി കർഷകരുടെ വരുമാനം വർദ്ധിക്കുകയും അതുവഴി നിരവധി യുവാക്കളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) കന്നുകാലികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക, ന്യായവിലയ്ക്ക് തീറ്റ ലഭ്യമാക്കുക, തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക തുടങ്ങി ക്ഷീരകൃഷി വ്യാപനത്തിന് വേണ്ട അനിവാര്യ സൗകര്യങ്ങൾ ഒരുക്കുന്നതിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

(സി) 2016-17 നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി പ്രകാരം 20374 പശുക്കളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. 2016-17, 2017-18 എന്നീ വർഷങ്ങളിൽ ഒരു ലക്ഷത്തി എണ്ണായിരത്തി അറുനൂറ്റി എട്ട് (1,08,608 ) കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്തവർഷം മുതൽ ഒരു ലക്ഷം പശുക്കുട്ടികളെ കൂടി എസ്.എൽ.ബി.പി.(സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം)/ ഗോവർദ്ധിനി പദ്ധതിയിലുൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

കാലിത്തീറ്റവില വർദ്ധനയിൽ നിന്നും കർഷകരെ സഹായിക്കുന്നതിനായി ക്ഷീര സംഘങ്ങളിൽ നിന്നും പാൽ അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 4/- രൂപ ( വകുപ്പ് ധനസഹായം ഉൾപ്പെടെ) വരെ ഇൻസെന്റീവ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ക്ഷീര കർഷകർ നേരിടുന്ന പ്രശ്നമാണ് തീറ്റപ്പുല്ലിന്റെ ലഭ്യതകുറവ്.ഉത്പാദന ചെലവ് കുറയ്ക്കുന്നതിന് തീറ്റപ്പുല്ലിന്റെയും നടീൽവസ്തുക്കളുടേയും ലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി തീറ്റപ്പുൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നു. ഹെക്ടറിനു 20,000/- രൂപ വരെ ഈയിനത്തിൽ ധനസഹായമായി

അനുവദിക്കുന്നുണ്ട്. കൂടാതെ പുൽകൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഒരുക്കുന്നതിന് യന്ത്രവത്കരണത്തിനും സഹായം നൽകുന്നു.

വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ എന്നിവരുടെ കൈവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.